സെന്റ്. പീറ്റേഴ്സ് & സെന്റ്. പോൾസ് ഓർത്തഡോക്സ് വലിയ പള്ളി

പറക്കോട്

അടൂർ-കടമ്പനാട് ഭദ്രാസനം

ശതോത്തര രജതജൂബിലി സപ്ലിമെന്റ്

യാദാ

(To Know - അറിയുക)

E-mail: catholicos@mosc.in
officeofthecatholicos@mosc.in

TELEPHONE: 0481-2574323, 2578500
Website: www.mosc.in

The Malankara Orthodox Syrian Church
CATHOLICATE OF THE EAST

BASELIOS MARTHOMA MATHEWS III
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-686 004
KERALA, INDIA

നവംബർ 08, 2021

അനുഗ്രഹസന്ദേശം

നമ്മുടെ അടൂർ-കടമ്പനാട് മെത്രാസനത്തിലെ പറക്കോട് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് ദേവാലയം 125 വർഷങ്ങൾ പിന്നിടുന്നു എന്നറിയുന്നതിൽ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. ആ ദേവാലയത്തിന് ഇന്നുവരെ നേടുവാൻ കഴിഞ്ഞ നന്മകളെയും, ദൈവം നിങ്ങളോട് കാട്ടിയ അളവറ്റ സ്നേഹത്തേയും ഓർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. നാളിതുവരെയായി ഇടവക കൈവരിച്ച പുരോഗതിയിലും, വിവിധ മണ്ഡലങ്ങളിൽ നിങ്ങൾ ചെയ്തുവരുന്ന പ്രവർത്തനങ്ങളിലും നാം നിങ്ങളെ അഭിനന്ദിക്കുന്നു. ഇടവക പെരുന്നാളിന്റെയും ജൂബിലി ആഘോഷങ്ങളുടെയും ഭാഗമായി യുവജനപ്രസ്ഥാനത്തിന്റെ ചുമതലയിൽ പ്രസിദ്ധീകരിക്കുന്ന സപ്ലിമെന്റിന് എല്ലാ ഭാവുകങ്ങളും നേരുന്നു. ഇടവകയുടെ പ്രാരംഭം മുതൽ ഇന്നെയോളം നേതൃത്വം നൽകിയ ഏവരെയും കർതൃസന്നിധിയിൽ പ്രത്യേകം സ്മരിക്കുന്നു. ആ ദേവാലയം കൂടുതൽ കൂടുതൽ ശോഭിച്ച് ദൈവനാമം പുകഴ്ത്തപ്പെടുവാൻ സർവ്വശക്തനായ ദൈവം ഇടയാക്കട്ടെ. ദൈവം അനുഗ്രഹിക്കട്ടെ

ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

MALANKARA ORTHODOX SYRIAN CHURCH
CATHOLICATE OF THE EAST
DIOCESE OF ADOOR - KADAMPANAD

Dr. Zacharias Mar Aprem
Metropolitan
Mob : 94471 84303

Epiphanios Centre
Adoor P.O.
Pathanamthitta

27 ഒക്ടോബർ, 2021

കർത്താവിൽ നമ്മുടെ പറക്കോട് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് വലിയപള്ളി വികാരിയും, ദേശത്തു പട്ടക്കാരും, പള്ളികൈസ്ഥാനികളും, ആദ്ധ്യാത്മിക സംഘടനാ ഭാരവാഹികളും പ്രത്യേകാൽ യുവജനപ്രസ്ഥാനം പ്രവർത്തകരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

ആ ഇടവക ശതോത്തര രജത ജൂബിലി നിറവിൽ പ്രശോഭിച്ചു നിൽക്കുന്നു എന്നത് നമുക്ക് ഏറെ സന്തോഷം നൽകുന്ന ഒരു വസ്തുതയാണ്. കഴിഞ്ഞ 125 വർഷക്കാലം ഇടവകയ്ക്കുണ്ടായ ആത്മീകവും ഭൗതീകവുമായ പുരോഗതി വളരെ ശ്ലാഘനീയവുമാണ്. ഒന്നേകാൽ നൂറ്റാണ്ട് കാലം കൊണ്ട് ഈ ഇടവക ദേശത്തിന് പകർന്നു നൽകിക്കൊണ്ടിരിക്കുന്ന ഉണർവ്വ് തുടർ കാലങ്ങളിലും ശക്തമായി നിലനിൽക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതകൂടിയാണെന്ന് നാമെല്ലാവരും തിരിച്ചറിയണം. നമ്മുടെ പൂർവ്വീകർ തൊട്ടറിഞ്ഞതും അനുഭവിച്ചറിഞ്ഞതുമായ ദൈവീക കൃപ അതേ അളവിൽ നമുക്കും അനുഭവവേദ്യമാകണമെങ്കിൽ നാമും അതേ തീഷ്ണത ജീവിതത്തിൽ കാത്തുസൂക്ഷിക്കണം.

അറിയുക എന്നർത്ഥമുള്ള "യാദാ" എന്ന തലക്കെട്ടോടുകൂടി ഇടവകയിലെ യുവജനപ്രസ്ഥാനം പ്രവർത്തകർ ജൂബിലിയോടനുബന്ധിച്ച് ഒരു സപ്ലിമെന്റ് പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. സപ്ലിമെന്റിന്റെ അണിയറ ശില്പികളെ നാം അഭിനന്ദിക്കുകയും ചെയ്യുന്നു. നിങ്ങളുടെ ജൂബിലിയാഘോഷങ്ങൾ ദൈവനാമ മഹത്വത്തിനായിത്തീരട്ടെ.

ശേഷം പിന്നാലെ ദൈവം അനുഗ്രഹിക്കട്ടെ.

ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ

PUBLISHED BY : ST. PAUL'S YOUTH MOVEMENT


കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം. 156/പ്രസ്/സി.എം.ഒ/21. 20 സെപ്റ്റംബർ, 2021.

സന്ദേശം

പത്തനംതിട്ട പറക്കോട് സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ഓർത്തഡോക്സ് വലിയപള്ളി 125-ാം വാർഷിക നിറവിൽ എത്തിയിരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. വാർഷികാഘോഷങ്ങളോടനുബന്ധിച്ച് *'YADAH'* എന്ന പേരിൽ ഒരു സപ്ലിമെന്റ് കൂടി പ്രസിദ്ധീകരിക്കാൻ നിങ്ങൾ തീരുമാനിച്ചത് ഉചിതമായി.

ദേവാലയത്തിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ നേർച്ചിത്രമാവും സപ്ലിമെന്റ് എന്നു കരുതുന്നു.

വാർഷികാഘോഷങ്ങൾക്കും സപ്ലിമെന്റിനും എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Vicar
St. Peter's and St. Paul's Orthodox Valiya pally
Pathanamthitta
E-mail : jithujerome99@gmail.com

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

വികാരിയിൽ നിന്നും . . .

സ്വർഗ്ഗത്തിന്റെ കിളിവാതിൽ ഒരു ഗ്രാമത്തിന്റെ നെറുകയിൽ ഉദയ തിലകം ചാർത്തി നിൽക്കുന്ന ശോഭയാർന്ന ചരിത്രമാണ് പറക്കോട് ദേശത്തിന്റേത്. മലങ്കരയുടെ പുണ്യ പിതാക്കന്മാരുടെ പാദസ്പർശം കൊണ്ട് അനുഗ്രഹപ്രദമായ ഈ ദേവാലയം പരി.പത്രോസ് പരി.പൗലോസ് ശ്ലീഹന്മാരുടെ നാമത്തിൽ നിലകൊള്ളുന്നു. ക്രിസ്തുവിനുവേണ്ടി ജീവിതത്തിലുടനീളം അനേകം പ്രതിസന്ധികൾ നേരിട്ടവരാണ് ഇരുവരും. അവരുടെ ജീവിതത്തിലൂടെ നേടിയെടുത്ത പരിശുദ്ധിയും ഉയരത്തിലെ നാഥനിൽ ഉള്ള അടിയുറച്ച വിശ്വാസവും ശ്രദ്ധേയമാണ്. ആ പരിശുദ്ധന്മാരുടെ ജീവിതവും ദർശനവും നമുക്ക് എക്കാലവും മാതൃകയാണ്.

പഴയനിയമത്തിൽ യാക്കോബ് കണ്ട സ്വർഗ്ഗത്തെയും ഭൂമിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഗോവണി ആലയത്തിന്റെ കൂടെ സാദൃശ്യമാണ്. അത്തരത്തിൽ 125 വർഷത്തിന്റെ പരിശുദ്ധിയുടെ പരിമളം പേറുന്ന ഈ ആലയം ആരാധനയുടെ അന്തമില്ലാത്ത അതുല്യമായ അനുഗ്രഹം വിശ്വാസികളിലേക്ക് വാരിച്ചൊരിയുന്നു. ആധുനികതയുടെ ഈ ലോകത്തിൽ വികസനത്തിന്റെ പുത്തൻ പടവുകൾ ചവിട്ടി നാം മുന്നോട്ട് പോകുമ്പോൾ പഴമയിലേക്ക് തിരിഞ്ഞു നോക്കേണ്ടത് ആവശ്യമാണ്. പുതുമയുടെ പ്രശോഭയിൽ നാം അഭിമാനം കൊള്ളുമ്പോഴും പഴമയെ മറക്കുന്നവരായി തീരരുത്. നമ്മുടെ ദേവാലയത്തിന്റെ അഭിവൃദ്ധിക്ക് വേണ്ടി അക്ഷീണം പരിശ്രമിച്ചു കാല യവനികയ്ക്ക് പിന്നിലേക്ക് കടന്നുപോയ പൂർവ്വപിതാക്കന്മാരുടെ സ്മരണയ്ക്ക് മുന്നിൽ ശിരസ്സ് നമിക്കാം. അവരുടെ ഭക്തിയുടെയും ത്യാഗത്തിന്റെയും ദേവാലയത്തിനോടുള്ള അടങ്ങാത്ത സ്നേഹത്തിന്റെയും ഫലമാണ് നമ്മുടെ ദേവാലയം.

'യാദാ' (ഹീബ്രൂ) എന്ന പേരിൽ ഉള്ള ഈ ജൂബിലി സപ്ലിമെന്റ് അർത്ഥവത്തായ ആത്മീയ മൂല്യങ്ങളെ വിളിച്ചോതുന്ന ഒന്നാണ്. 'യാദാ' എന്നാൽ 'അനുഭവത്തിലൂടെ അറിയുക' എന്നാണ് അർത്ഥം. ജീവിതത്തിലെ എല്ലാ തലങ്ങളിലും ഉയരത്തിലെ നാഥനെ അനുഭവങ്ങളിലൂടെ രുചിച്ചറിയുവാൻ നമുക്ക് സാധിക്കണം, താഴ്ചയിൽ നമ്മെ ഓർക്കുന്ന, വീഴ്ചയിൽ കൈപിടിച്ചുയർത്തുന്ന ഉയരത്തിലെ നാഥന്റെ കരുതലും സ്നേഹവും അനുഭവത്തിലൂടെ രുചിച്ചറിയുവാൻ നമുക്ക് സാധിക്കട്ടെ. ഇടവകയുടെ കാവൽ പിതാക്കന്മാരുടെ അനുഗ്രഹവും കാവലും കോട്ടയും നമ്മോടൊപ്പം ഉണ്ടായിരിക്കട്ടെ എന്ന പ്രാർത്ഥനയോടെ...

നിങ്ങളുടെ വികാരി
ഉമ്മൻ മട്ടയ്ക്കലച്ചൻ

ഒരു ദൈവപുരുഷന്റെ ജീവിതഗാഥ

പരി. ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അനുസ്മരണം

ഡോ. ഗീവർഗീസ് മാർ യൂലിയോസ്
മെത്രാപോലീത്ത

തൃശ്ശൂർ ജില്ലയിലെ മങ്ങാട് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിക്ക് ഒരു വിളിപ്പാട് അകലെയാണ് കൊള്ളന്നൂർ ഭവനം. ഒരു സാധാരണ കർഷക കുടുംബം. ആ കുടുംബത്തിലെ ഐപ്പിന്റെയും പുലിക്കോട്ടിൽ കുടുംബത്തിലെ കുഞ്ഞിറ്റിയുടെയും മൂന്നാമത്തെ മകനായി 1946 ആഗസ്റ്റ് 30ാം തീയതി മലങ്കര സഭയുടെ മഹാ ഇടയൻ ആയിത്തീർന്ന പോൾ എന്ന പൗലോസ് മാർ മിലിത്തിയോസ് തിരുമേനി ജനിക്കുന്നു. തന്റെ മൂന്നാമത്തെ മകനായ ഈ കുഞ്ഞിന്റെ ശിരസ്സിൽ മലങ്കര സഭയുടെ കാതോലിക്കാ കിരീടം ഇരിക്കുമെന്ന് ഈ മാതാപിതാക്കൾ ഒരിക്കലും സ്വപ്നം കണ്ടിട്ടുണ്ടാവില്ല.സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനു ശേഷം തൃശ്ശൂർ സെന്റ്. തോമസ് കോളേജിൽ നിന്ന് ബി. എസ്. സി. യും കോട്ടയം സി.എം.എസ്. കോളേജിൽ നിന്ന് സോഷ്യോളജിയിൽ പി.ജിയും എടുത്തു. അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ ആണ് മദ്ബഹായിലേക്ക് ഫാ. ഗീവർഗീസ് ഒ.ഐ.സി കൈ പിടിച്ച് കയറ്റിയത്. ജോസഫ് കുറ്റിക്കാട്ടിൽ കോർ എപ്പിസ്കോപ്പായുടെ ശിക്ഷണത്തിൽ സുറിയാനി ഭാഷയും പഠിച്ചു. ദൈവവിളിക്ക് അനുയോജ്യമായി പോളിനെ ഒരുക്കുന്നതിൽ മുഖ്യപങ്ക് വഹിച്ച ആളാണ് മാതൃസഹോദരൻ ഇയ്യുക്കുട്ടി അച്ചായൻ. കോട്ടയം സെമിനാരിയിൽ നിന്നു ജി.എസ്.റ്റി യും സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.ഡി. യും പൂർത്തീകരിച്ചു. അഭി. യൂഹാന്നോൻ മാർ സേവേറിയോസ് മെത്രാപ്പൊലീത്തായിൽ നിന്നുമാണ് യൗഷ്പദയക്കിനോ പട്ടവും, ശെമ്മാശപട്ടവും കശ്ശീശാ പട്ടവും സ്വീകരിക്കുന്നത്. 1973 ജൂൺ 2 ന് കൊരട്ടി സെമിനാരിയിൽ വച്ച് വൈദീകനായി. 1982 ഡിസംബർ 28 ന് തിരുവല്ലയിൽ ചേർന്ന മലങ്കര അസോസിയേഷൻ മേല്പട്ട സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. 1983 മെയ് 14ന് പരുമല സെമിനാരിയിൽ വെച്ച് മാത്യൂസ് മാർ കൂറിലോസിൽ നിന്ന് റമ്പാൻ സ്ഥാനവും, 1985 മെയ് 15 ന് പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ വച്ച് പരി. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായിൽ നിന്ന് 38ാം വയസ്സിൽ എപ്പിസ്കോപ്പ സ്ഥാനവും സ്വീകരിച്ചു. തുടർന്ന് 1985 ആഗസ്റ്റ് 1 മുതൽ പുതിയതായി രൂപീകരിക്കപ്പെട്ട കുന്നംകുളം ഭദ്രാസനത്തിന്റെ അമരക്കാരനായി ചുമതലയേറ്റു. പ്രഥമദൃഷ്ട്യാ തെറ്റെന്നു തോന്നിപ്പിച്ച അദ്ദേഹത്തിന്റെ പല തീരുമാനങ്ങളും, നിലപാടുകളും തീർത്തും ശരിയാണെന്നു കാലം തെളിയിച്ചു. വിദ്യാർത്ഥി പ്രസ്ഥാനം വൈസ് പ്രസിഡന്റ്, സൺഡേസ്കൂൾ പ്രസ്ഥാനം പ്രസിഡന്റ്, യുവജന പ്രസ്ഥാനം പ്രസിഡന്റ് എന്നീ നിലകളിൽ നിസ്തുലമായ പ്രവർത്തനം കാഴ്ചവയ്ക്കുകയുണ്ടായി. പ. പിതാവിന്റെ ആത്മീയ വഴിയും ദർശനവും കണ്ട് അനേകർ വൈദീകവേലയ്ക്കായി വിളിച്ചടുപ്പിക്കപ്പെട്ടു. ആ വൈദിക ഗണത്തിൽ നിന്നും എളിയവനായ ഞാൻ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഞാൻ പരിശുദ്ധ പിതാവിന്റെ ശിഷ്യനും അതിലുപരി ബന്ധുവും കൂടിയാണ്.

2006ൽ പരുമലയിൽ കൂടിയ മലങ്കര അസോസിയേഷൻ പൗരസ്ത്യ കാതോലിക്കായുടെയും, മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തിരഞ്ഞെടുത്തു. 2010 നവംബർ ഒന്നിന് പരി.ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ എന്ന നാമത്തിൽ മലങ്കര സഭാധ്യക്ഷനായി സ്ഥാനാരോഹണം ചെയ്യപ്പെട്ടു.

സഭയിൽ ശാശ്വതവും സുസ്ഥിരവുമായ ഒരു സമാധാനത്തിനു വേണ്ടിയും വ്യവഹാര രഹിതമായ മലങ്കരസഭയ്ക്കു വേണ്ടിയും നിലനിൽക്കുകയും പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഒരു പിതാവാണ് പരി.തിരുമേനി. 2017 ജൂലൈ 3 ലെ വിധിക്കു ശേഷം സഭയുടെ വാതിൽ ഏവർക്കുമായി തുറന്നിട്ടു സമാധാന കല്പന പുറപ്പെടുവിക്കയും അന്ത്യോഖ്യായുടെ അപ്രേം ബാവയെ ചർച്ചക്കായി ക്ഷണിക്കുകയും ചെയ്തിട്ടും എതിർഭാഗത്ത് നിന്ന് അനുകൂലമായ ഒരു പ്രതികരണം ഉണ്ടാകാഞ്ഞത് നിർഭാഗ്യകരമായിപോയി. എങ്കിലും ശാശ്വത സമാധാനത്തിനായുള്ള ശ്രമങ്ങൾ അദ്ദേഹം ഒരിക്കലും നിർത്തിയിരുന്നില്ല.

2018 മാർച്ച് 23ന് വി.മൂറോൻ കൂദാശ നടത്തി.ആഗോളതലത്തിൽ അറിയപ്പെടുന്ന ഒരു പിതാവായിരുന്നു അദ്ദേഹം.കഴിഞ്ഞ ഒന്നര വർഷമായി രോഗാതുരനായി കഴിയുമ്പോഴും *"എന്റെ രോഗമല്ലേ, അത് കുഴപ്പമില്ല. എന്റെ ജീവനേക്കാളും എന്റെ ആരോഗ്യത്തെക്കാളും വലുതായി ഞാൻ കാണുന്നത് പരി. സഭയെയാണ്. സഭയ്ക്കു രോഗമുണ്ടാകാതെ ആരോഗ്യദൃഢഗാത്രയായിട്ടു നിലനിൽക്കണം.മാർതോമാശ്ലീഹായുടെ സിംഹാസനം സ്വതന്ത്രമാണ്"* തുടങ്ങി സഭയെക്കുറിച്ചുള്ള വലിയ ദർശനങ്ങൾ പരി.പിതാവിന് ഉണ്ടായിരുന്നു. ദൈവവിശ്വാസം മുറുകെ പിടിച്ച് സർവ്വവും ദൈവത്തിനു സമർപ്പിച്ച പരി.പിതാവിനെ പറുദീസായിൽ വീണ്ടും കണ്ടുമുട്ടാനിടയാവട്ടെ.

പാവന സ്മരണയിൽ . . .

Our beloved Papa . . .

മാത്യുക്കുട്ടി P. Y
(ഡാഡു)

പടയത്ത് ഗ്രേസ് ഭവൻ,
ഏഴംകുളം

Inserted By : Mercy, Minsen, Jinson, Shiji, Libney

പാവന സ്മരണയ്ക്ക് . . .



വെരി. റവ. C P മാത്യൂസ്
കോർ - എപ്പിസ്കോപ്പ
05 - 09 - 1992

പെണ്ണമ്മ മാത്യൂസ്
04 - 05 - 2019

ആറ്റുവാശ്ശേരിൽ

പ്രത്യാശയുടെ തുറമുഖത്ത് വീണ്ടും
കാണാം എന്ന പ്രതീക്ഷയോടെ

സി എം രാജനും കുടുംബവും
ചരുവിള സുമംവില്ല

ഇടവക ദേവാലയം എന്ത് ? എങ്ങനെ?

ഡോ. അലക്സാണ്ടർ ജേക്കബ്
ഐ പി എസ്

ഇടവക എന്ന സങ്കല്പം ക്രിസ്തുവിനു 2000 വർഷങ്ങൾക്ക് മുന്നേ ഉണ്ടായിട്ടുള്ളതാണ്. ലോകത്തിലെ ആദ്യ ഇടവക നിർമിച്ചത് ശലോമോൻ രാജാവാണ്.

ജെറുസലേം ദേവാലയ നിർമാണത്തിലെ കേരള സാന്നിധ്യം

ജെറുസലെമിൽ യഹോവക്ക് മനോഹരമായ ആലയം ശലോമോൻ നിർമിച്ചു, ശ്രേഷ്ഠമായ മദ്ബഹായും. BC 950-ൽ ആദ്യ ദേവാലയത്തിന്റെ മദ്ബഹ നിർമിക്കുന്നതിന് ഉപയോഗിച്ച ചില വസ്തുക്കൾ നമ്മുടെ കേരളത്തിൽ നിന്നും ഉള്ളതാണെന്ന് ബൈബിൾ പഠിതാക്കൾ സ്ഥാപിക്കുന്നു.

മദ്ബഹ അലങ്കരിക്കുന്നതിനു രാജാവ് ഉപയോഗിച്ച വസ്തുക്കളിൽ ഒന്ന് മയിൽപീലി ആണ്. സുറിയാനി ഭാഷയിൽ 'തൂക്കി' എന്ന് വിശേഷണം ചെയ്തിരിക്കുന്ന മയിൽപീലി തമിഴിൽ ആൺ മയിലിനെ വിശേഷണം ചെയ്യാൻ ഉപയോഗിക്കുന്ന 'തോകൈ' എന്ന വാക്കിൽ നിന്നും ഉത്ഭവിച്ചതാണ്. തെക്കേ ഇന്ത്യയിൽ നിന്നുമാണ് ഇത് ജെറുശലേമിൽ എത്തിയതെന്ന് സാരം. പടിഞ്ഞാറൻ തീരം കേരളം ആയതിനാൽ അത് ഇവിടെ നിന്നുമാണെന്നു അനുമാനിക്കാം. ശലോമോൻ രാജാവ് മദ്ബഹയിൽ ആന കൊമ്പ് (ivory) കൊണ്ട് അലങ്കാരങ്ങൾ നടത്തിയിരുന്നു. അവരുടെ വിശുദ്ധ ഗ്രന്ഥത്തിൽ ഇത് 'കളെഷ്' എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. ആനയെ സംസ്കൃതത്തിൽ വിളിക്കുന്ന 'കളഭം' എന്ന വാക്കിൽ നിന്നും ഉണ്ടായതാണ് ഇത്. അതായത് ആനക്കൊമ്പും ഭാരതത്തിൽ നിന്നും തന്നെ. മദ്ബഹക്ക് സുഗന്ധം ഉണ്ടാകണം എന്നതായിരുന്നു രാജാവിന്റെ മറ്റൊരു ആഗ്രഹം. കത്തുമ്പോൾ മാത്രം സുഗന്ധം എന്നതായിരുന്നു ഇസ്രായേലുകാർക്ക് പരിചയം. താർസിസ് കപ്പലിൽ ഇതിനായി ഒരു മരം ജെറുശലേമിൽ എത്തിച്ചു. സുറിയാനി വേദപുസ്തകത്തിൽ 'ചാന്തൻ' എന്ന് വിശേഷിപ്പിക്കുന്ന ഈ വൃക്ഷത്തെ 'ചാന്തൽ' എന്ന് ആണ് ഗ്രീക്ക് ഭാഷയിൽ അറിയപ്പെടുന്നത്. ഇംഗ്ലീഷിൽ 'സാൻഡൽ' എന്ന് അറിയപ്പെടുന്ന വൃക്ഷം കേരളത്തിലെ മറയൂരിൽ നിന്നുമുള്ള ചന്ദന മരമായിരുന്നു എന്ന് ഗ്രീക്ക്, സുറിയാനി, സംസ്കൃതം, എന്നീ ഭാഷയിൽ പ്രാവീണ്യമുള്ള പ്രശസ്ത ഭാഷ പണ്ഡിതർ സാക്ഷിക്കുന്നു. ഇന്ത്യയിൽ നിന്നുമുള്ള മൃഗത്തെ കാണണമെന്ന് രാജാവിന്റെ ആഗ്രഹ സഫലീകരണത്തിനായി താർസീസ് കപ്പൽ 'കാഫി' എന്ന് തങ്ങളുടെ വേദപുസ്തകത്തിൽ വിളിച്ചിരിക്കുന്ന മൃഗത്തെ എത്തിച്ചു. സംസ്കൃതത്തിൽ കുരങ്ങുകളെ വിളിക്കുന്ന പേരാണ് 'കബി'. അതിനർത്ഥം ആ കുരങ്ങൻ പോലും കേരളത്തിൽ നിന്നും ആണ് എന്നാണല്ലോ. ഇവക്കെല്ലാം ഉപരിയായി 30 വർഷം മുമ്പ്, 1988 ൽ ഒരു ശാസ്ത്രീയ തെളിവ് ലഭിച്ചു. ലക്സറിലെ ഖനനത്തിൽ രാമിസിസ് II ഫറവോ രാജാവിന്റെ മമ്മി ലഭിച്ചു. മമ്മിയുടെ മൂക്കിലും വായിലും ചെവിയിലും കുരുമുളക്ക് നിറച്ചിരിക്കുന്നതായി കണ്ടെത്തി കുരുമുളകിന്റെ DNA പരിശോധനയിലൂടെ മലബാറിലുള്ള പെപ്പെർ നിഗ്രം എന്ന വെറൈറ്റി ആണ് ലക്സറിലെ മമ്മിയിൽ ഉള്ളതെന്ന് തെളിഞ്ഞു. അതായത് 3300 വർഷം മുൻപ് തന്നെ ഈജിപ്റ്റുമായി കേരളത്തിന് ബന്ധം ഉണ്ടായിരുന്നു എന്ന് അർത്ഥം. ഇത്തരത്തിൽ ലോകത്തിലെ ആദ്യ ദേവാലയ നിർമാണത്തിലെ മലയാളി സാന്നിധ്യത്തെ കൃത്യമായി മനസിലാക്കാം.

ഒരു ദേവാലയമെന്ന നിലയിൽ കടമകൾ അനേകമാണ്. യേശു ക്രിസ്തു ആരാണ്, അദ്ദേഹത്തിന്റെ സുവിശേഷം എന്തായിരുന്നു എന്ന് ആ പ്രദേശത്തെ ജനങ്ങൾക്ക് പറഞ്ഞു കൊടുക്കണം. ദേവാലയം വിശുദ്ധിയുടെ സ്ഥലം ആണ്. 7 കൂദാശകളാണ് ദേവാലയത്തെയും, ജനങ്ങളേയും പ്രദേശത്തെയും വിശുദ്ധമാക്കുന്നത്. കൂദാശ സ്വീകരണത്തിലൂടെ നാം വിശുദ്ധീകരിക്കപ്പെടുന്നു. വിശുദ്ധ സ്ഥലം വിശുദ്ധമായി സൂക്ഷിക്കുവാൻ വിശ്വാസികൾക്ക് കടമയുണ്ട്. ഐക്യം ഉണ്ടാകേണ്ട സ്ഥലമാണ് ദേവാലയം. ആദ്യത്തെ ഐക്യം ദൈവവും മനുഷ്യനുമായിട്ടാണ്, രണ്ടാമത്തെ ഐക്യം ഇടവക ജനങ്ങൾ തമ്മിലും വികാരിയുമായിട്ടുമാണ്. മൂന്നാമത്തെ ഐക്യം ഇടവക ഏത് സഭയുടെ ഭാഗമാണോ ആ സഭയുടെ ഭരണാധികാരിയുമായിട്ടാണ്. ഒരു ഇടവകയുടെ മഹത്വമെന്നാൽ ആ ഇടവകയിൽ നിന്ന് എത്ര പേർ മരണാന്തരം സ്വർഗ്ഗ ഭാഗ്യത്തിന് അവകാശികൾ ആയിട്ടുണ്ടാകുമെന്നതിലാണ്. പ്രാർത്ഥന മാത്രം ആരെയും രക്ഷിക്കുകയില്ല, ജീവകാരുണ്യ പ്രവർത്തങ്ങൾ ചെയ്യുന്ന ഒരു സ്ഥാപനം കൂടെ ആകണം ദേവാലയം. പ്രാർത്ഥിക്കുന്ന മനുഷ്യന് നല്ല സ്വഭാവവും ദീനാനുകമ്പയും ഉണ്ടാകും. ഇത് രണ്ടും ഉണ്ടാകാത്ത പ്രാർത്ഥന കപടമാണ്. സഭ കുടുംബങ്ങളുടെ കുടുംബമാണ്. ഇടവകയിലെ അംഗങ്ങൾ പ്രാർത്ഥനാ ജീവിതമുള്ളവർ ആയിരിക്കണം. 'A family that prays together stays together' എന്നാണല്ലോ. ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒരുമയോടെ സഹവസിക്കും.

പ്രാർത്ഥനയോടും വിശ്വാസത്തോടും ജീവിക്കുന്ന ജനവിഭാഗത്തെ ഉൾക്കൊള്ളുന്നതാണ് ദേവാലയം. അവിടെയാണ് ദൈവം വസിക്കുന്നത്. പറക്കോട് ദേശത്തെ ഈ ദേവാലയം അനേക തലമുറകൾക്ക് അനുഗ്രഹങ്ങൾ ചൊരിഞ്ഞു നൽകുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ജൂബിലി കൺവീനറുമാർ

കൺവീനർ

അജി ഫിലിപ്പ്,
തോണ്ടലിൽ ഗ്രേസ് വില്ല

ജോയിന്റ് കൺവീനർ

തോമസ് വർഗീസ്,
കുറുങ്ങാട്ട്

ജിത്തു ജെറോം,
കുറുങ്ങാട്ട്

Geevarghese George
Sajan

Shop : 04734-240609, 240699
Mob : 9349611415, 9495513207

SAJAN STORES
RUBBER DEALER
Nedumon P.O., Ezhamkulam, Pathanamthitta(Dist), Kerala

Phone : 04734-244028
9847239652

THANNICKAL
Restaurant & Bakers
Near K.S.E.B., K.P. Road,
EZHAMKULAM,
Pathanamthitta (Dt.),Kerala

A/C & NON A/C DINING HALL

കെട്ടുങ്കൽ ഏജൻസിസ്
ഇലക്ട്രിക്കൽ & സാനിറ്ററിവെയർ
സ്റ്റീൽ & സിമന്റ് ഹാർഡ്‌വെയർ

Biju
Phone : 04734 216420
90610 00038, 94474 63135

Near N.S.U.P. School, K. P. Road
PARAKODE, Pathanamthitta Dt., Kerala
e-mail: bijuketungal135@gmail.com

V-GUARD HAVELLS orient electric POLYCAB MK PHILIPS BAJAJ USHA legrand
KULIRMA CERA aquaflow CEMA RR KABEL STAR PIPE PRODUCTS Million

ഇടവക ചരിത്രം

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്താൽ എ.ഡി. 52ൽ സ്ഥാപിതമായ മലങ്കരസഭ. അർക്കദിയാക്കോന്മാർക്കും മാർത്തോമ്മാ മെത്രാന്മാർക്കും ശേഷം മലങ്കര മെത്രാപ്പോലീത്താമാർ ഭരണനുകം വഹിക്കുന്ന കാലം. മലങ്കരസഭാ തേജസ്സ് ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമൻ പരി. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ വാണരുളുന്ന കാലം. മലങ്കരയുടെ മഹാ പരിശുദ്ധൻ പരി. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (പരുമല തിരുമേനി) കൊല്ലം ഭദ്രാസനാധിപൻ ആയിരിക്കുന്ന കാലം. 125 വർഷങ്ങൾക്കിപ്പുറം ഇന്ന് നാം പ്രശംസിക്കേണ്ടതിനു പറക്കോട് ദേശത്ത് തന്റെ പ്രിയ ശിഷ്യന്മാരായ മാർ പത്രോസിന്റെയും മാർ പൗലോസിന്റെയും നാമത്തിൽ ഒരു ദേവാലയത്തിന് തുടക്കം കുറിക്കുവാൻ സർവേശ്വരൻ തയ്യാറാക്കിയിരുന്ന കാലം അതായിരുന്നു. മാർത്തോമ്മാ മലങ്കരയിൽ സ്ഥാപിച്ച ഏഴര പള്ളികളിൽ പെട്ട നിലയ്ക്കൽ പള്ളിയുടെ പുനസ്ഥാപനമായ കടമ്പനാട് പള്ളിയിൽ നിന്നും കാലക്രമത്തിൽ പിരിഞ്ഞു സ്ഥാപിതമായതാണ് അടൂർ കണ്ണംകോട് സെന്റ്. തോമസ് കത്തീഡ്രൽ ദേവാലയം. പറക്കോട്, ഏഴംകുളം, നെടുമൺ, മങ്ങാട്, ഇളമണ്ണൂർ എന്നിവിടങ്ങളിൽ പെട്ട മലങ്കര നസ്രാണികളുടെ ഏകാവലംബം ദീർഘകാലം കണ്ണംകോട് പള്ളിയായിരുന്നു. കാൽനടയും കാളവണ്ടിയും മാത്രം ആശ്രയിച്ചിരുന്ന നമ്മുടെ പൂർവീകർക്ക് വി. കുർബ്ബാന, മാമോദീസാ, വിവാഹം, ശവസംസ്കാരം തുടങ്ങി എല്ലാ കൂദാശ അനുഭവങ്ങൾക്കും വളരെ ക്ലേശങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. കൂടാതെ വയലാ, കിളിക്കോട്, തേപ്പുപാറ, തൊടുവക്കാട് മുതലായ വനപ്രദേശങ്ങളിലേക്ക് നമ്മുടെ ആളുകൾ കൃഷിയിലും കന്നുമേയലിലും വ്യാപൃതരായതോട് കൂടി അടൂരിൽ കൂടി നടക്കുന്നതിൽ വിഷമമേറി. ഈ സാഹചര്യത്തിൽ കൂടുതൽ സൗകര്യപ്രദമായ പറക്കോടോ ഏഴംകുളമോ കേന്ദ്രമാക്കി ഒരു ആരാധനാലയം ഉണ്ടാവണമെന്ന് ഈ പ്രദേശങ്ങളിൽ പെട്ട നസറാണികൾ അതിയായി ആഗ്രഹിച്ചു. ഇതിനായി പുത്തൻവീട്ടിൽ കുഞ്ഞുമ്മൻ കീവറീത് മുതൽ അമ്പിയിൽ ഇടിച്ചാണ്ടി കൊച്ചുകോശി വരെയുള്ള 70 കുടുംബ മൂപ്പന്മാർ കൂടി ആലോചിച്ചപ്പോൾ ദേവാലയം പറക്കോട് വാണിജ്യകേന്ദ്രത്തിന് സമീപം ആകണം എന്ന അഭിപ്രായത്തിന് ബലമേറി. ചങ്ങനാശ്ശേരി മാർക്കറ്റ് കഴിഞ്ഞാൽ പ്രസിദ്ധമായ വാണിജ്യകേന്ദ്രമായിരുന്നുവല്ലോ പറക്കോട് അനന്തരാമപുരം ചന്ത. ചന്തക്ക് അല്പം തെക്കുമാറി കാട് പിടിച്ച് തരിശായികിടന്ന നെടുമലക്കുറ്റി



പറക്കോട് പള്ളിയുടെ ശിലാസ്ഥാപനകർമ്മം നിർവഹിച്ചത് തന്റെ പുസ്തകത്തിൽ പരി.പരുമല തിരുമേനി സുറിയാനിയിൽ കുറിച്ചിരിക്കുന്നത്.
കടപ്പാട്: ഫാ. ഇയ്യോബ് ഒ. ഐ. സി

എന്ന പണ്ടാരവക പുതുവൽ പാട്ടം പതിഞ്ഞിട്ടുള്ള 70 രൂപാ വിലമതിക്കുന്ന 90 സെന്റ് സ്ഥലം സമിതി അംഗമായ കോലേടത്ത് ചെറിയയുടെ മകൻ വറീത് അമ്പിയില് ഇടിച്ചാണ്ടിയുടെ മകൻ കൊച്ചുകോശിയുടെ പേരിൽ സമിതിക്ക് വേണ്ടി ദാനമായി നല്കി. പള്ളിക്കുവേണ്ടി രാജാവിന് നല്കിയ ഹർജിയുടെ വിചാരണയ്ക്ക് ശേഷം കൊട്ടാരത്തിൽ നിന്ന് അനുവദിച്ച ഹജൂറിൽ നിന്ന് 2274 മത് നമ്പറിൽ 1072 മകരമാസം 4-ാം തീയതി (January 15, 1897) എഴുതിയ ഉത്തരവിൻ പ്രകാരം പറക്കോട് പള്ളി എന്ന പേരോട് കൂടി അടൂരിന് കിഴക്കുള്ള പ്രദേശങ്ങളിൽ പെട്ട സുറിയാനിക്രിസ്ത്യാനികൾക്ക് കർമങ്ങൾ നടത്തുവാനുള്ള അനുവാദം ലഭിച്ചു. 1072 കുംഭമാസം 7-ാം (February 17, 1897) തീയതി പ്രമാണം രജിസ്റ്റർ ചെയ്തു. അന്ന് മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന മാർ ദിവന്നാസ്യോസിന്റെ കല്പനപ്രകാരം ഇടവക രൂപീകരിക്കുകയും പുരയിടത്തിന്റെ മദ്ധ്യഭാഗത്തായി താൽകാലിക ഓലപ്പുര പണിത് വടക്ക് കിഴക്ക് ഭാഗം പത്തടി ഉയരത്തില് മണ്ണിട്ടുയർത്തി കെട്ടിടത്തിന് സ്ഥലം ഒരുക്കുകയും ചെയ്തു. താമസവിനാ 1897 ലെ നാല്പതാം വെള്ളിയാഴ്ച്ച അന്ന് കൊല്ലം ഭദ്രാസനാധിപനായിരുന്ന പ. പരുമല തിരുമേനിയാൽ പ. പൌലൊസ് ശ്ലീഹായുടെ നാമത്തിൽ ഇടവകയുടെ ശിലാസ്ഥാപന കർമ്മം നിർവഹിക്കപ്പെടുകയും ചെയ്തു. പ. പിതാവിന്റെ കാവൽപിതാക്കന്മാർ തന്നെ ഈ ദേശനിവാസികളായ നമ്മൾക്കും കാവൽപിതാക്കന്മാരായി തീർന്നു. പരുമല തിരുമേനിയുടെ പട്ടംകൊട പുസ്തകത്തിൽ തിരുമേനി നടത്തിയ ഇടവക ശിലാസ്ഥാപന കർമ്മങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ബഥനിയിലെ വന്ദ്യ ഇയ്യോബ് അച്ചൻ ഇവ സുറിയാനിയിൽ നിന്ന് വിവർത്തനം ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും മനസിലാക്കുന്ന പ്രകാരം പറക്കോട് പള്ളിയുടെ കല്ലിടൽ കർമ്മം നടന്നത് 1897 ലെ 40ാം വെള്ളിയാഴ്ച്ച (ഏപ്രിൽ 16, 1897) ആണ്.

ഇരുപതു കോല് നീളത്തിൽ പന്ത്രണ്ട് കോല് വീതിയിൽ അതിമനോഹരമായ ചിത്രപ്പണികളും വൈവിധ്യമാർന്ന കലാരൂപങ്ങളോടും കൂടെ ഉയർന്നു നിൽക്കുന്ന മുഖപ്പോട് കൂടിയതുമായിരുന്നു പ്രഥമ ദേവാലയം. പൌലൊസ് ശ്ലീഹായുടെ കൈയ്യിൽ വി. വേദപുസ്തകവും അംശവടിയും, മാലാഖമാർ, മുന്തിരിക്കുലകൾ, ആട്ടിൻ കുട്ടികൾ, മത്സ്യം, അരിപ്രാവുകൾ, എന്നിങ്ങനെ പലവിധ കലാരൂപങ്ങൾ കൊണ്ട് ഗോഥിക്ക് തച്ചുശാസ്ത്രത്തിൽ പണിതുയർത്തിയ ദേവാലയത്തിന്റെ കൂദാശ മലങ്കര സഭാഭാസുരൻ പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് തിരുമേനി 1908 വൃശ്ചികം 3, 4 (November 18,19 Wed/Thu) ദിവസങ്ങളിൽ നടത്തി. മാർ പത്രൊസിന്റെയും മാർ പൌലൊസിന്റെയും നാമം ഉച്ചരിച്ചായിരിക്കണം പ. വട്ടശ്ശേരിൽ തിരുമേനി ദേവാലയത്തിന്റെ കൂദാശാകർമ്മം നിർവഹിച്ചിരിക്കുക. അങ്ങനെയാണ് ദേവാലയം പ. പത്രൊസ് പൌലൊസ് ശ്ലീഹന്മാരുടെ നാമത്തിൽ അറിയപ്പെടുവാൻ തുടങ്ങിയത് എന്ന് വിദഗദ്ധർ അഭിപ്രായപ്പെടുന്നു. കാലാന്തരത്തിലുണ്ടായ തേയ്മാനങ്ങളും ഭൂകമ്പങ്ങളും ഹേതുവായി ദേവാലയത്തിന്റെ പടിഞ്ഞാറു ഭാഗം 1950കളിൽ താഴ്ന്നു. അറുപതുകളിൽ ചുമരുകൾ വിണ്ട് വിള്ളലുകൾ വലുതായി പ്രൌഢമായ ദേവാലയം നിലംപൊത്തും എന്ന സ്ഥിതി വന്നു. മുഖപ്പു പഴയപടി നിലനിർത്തി പുന പ്രതിഷ്ഠിക്കുവാൻ ആഗ്രഹിച്ചു എങ്കിലും സാധിച്ചില്ല. കരയുന്ന കുഞ്ഞുങ്ങളെ ആശ്വസിപ്പിക്കുവാൻ വേണ്ടി അമ്മമാർ മെത്രാച്ചനെയും മാലാഖമാരെയും കാണിക്കുന്ന ജന്തുജാലങ്ങളുടെ പണി ഉൾപ്പെട്ട മുഖപ്പ് 1965ൽ ഓട് നിരപ്പിൽ ഇടിച്ചുകളയേണ്ടി വന്നു. 1980ൽ പഴയ ദേവാലയത്തിന്റെ മേൽക്കൂര നിലനിർത്തികൊണ്ട് വി. ഗീവർഗീസ് സഹദായുടെയും പ. പരുമല തിരുമേനിയുടെയും നാമത്തിൽ ഓരോ ത്രോണോസ്സ് കൂടി ഉൾക്കൊളിച്ചു എട്ടുലക്ഷത്തോളം രൂപാ ചിലവഴിച്ചു പള്ളി പുതുക്കി പണിതു. 1989 നവംബർ 17,18 തീയതികളിലായി കൊല്ലം ഭദ്രാസനാധിപനും നിയുക്ത കാതോലിക്കായും ആയ അഭി. മാത്യൂസ് മാർ കൂറിലോസ്, അഭി. ഗീവർഗീസ് മാർ ദീയസ്ക്കോറോസ്, അഭി. മാത്യൂസ് മാർ എപ്പിഫാനിയോസ് എന്നീ പിതാക്കന്മാരാൽ കൂദാശ നിർവഹിക്കപ്പെട്ടു. പള്ളിയുടെ മുൻപിലെ കുരിശുമ്മൂട്, കൊടിമരം എന്നിവയുടെ പണിയും ഈ കാലത്ത് നിർവഹിക്കപ്പെട്ടു. 1990ൽ പള്ളിയുടെ വടക്ക് മൂന്നര സെന്റ് സ്ഥലം വിലയാധാരം വാങ്ങി ഒരു ഹാള്, ഓഫീസ്, കിടപ്പുമുറി എന്നിവ ചേർത്ത് ഒരു കെട്ടിടം നിർമ്മിച്ചു. 1995-96 ശതാബ്ദി വർഷമായി കൊണ്ടാടുകയും പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ ദേവാലയത്തെ വലിയപള്ളിയായി പ്രഖ്യാപിക്കുകയും ചെയ്തു. ശതാബ്ദി സ്മാരകമായി പള്ളിക്ക് കിഴക്ക് 10 സെന്റ് വസ്തു വാങ്ങി 3 നിലയിൽ ശതാബ്ദി മന്ദിരം പണിയുവാൻ തീരുമാനിക്കുകയും, ഒരു നില പണികഴിപ്പിക്കുകയും ചെയ്തു. വീണ്ടും ഇതിനോട് ചേര്ന്ന് 97.5 സെന്റ് സ്ഥലം കൂടി വിലയാധാരം വാങ്ങി. 2019ൽ ഇടവക മെത്രാപ്പോലീത്ത അഭി. സഖറിയാസ് മാർ അപ്രേം തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗം പള്ളി പുതുക്കി പണിയുവാൻ തീരുമാനിച്ചു. പ്രാരംഭഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ആദ്യകാല വികാരിമാരെ കുറിച്ച് കൂടുതൽ വിവരം ഇത് വരെയും ലഭ്യമായിരുന്നില്ല. എങ്കിലും ഇടവക യുവജനപ്രസ്ഥാനത്തിന്റെ ചരിത്രാന്വേഷണം അടൂർ കാഞ്ഞിരക്കാട്ട് കുടുംബത്തില് ശ്രീ. കെ.ജെ. ജോണിലെത്തുകയും ദൈവകൃപയാൽ അദ്ദേഹത്തിന്റെ ശേഖരത്തിൽ നിന്നും പ. പരുമല തിരുമേനി പറക്കോട് പള്ളിയോഗത്തിന് അയച്ച ആദ്യകാല കല്പനകളിൽ ചിലത് കണ്ടുകിട്ടുകയും ചെയ്തു. 1897 മേടം 18 (April 29) നു തുമ്പമൺ പള്ളിയിൽ നിന്നു അയച്ച കല്പനയിൽ കാണുന്നപ്രകാരം പറക്കോട് ദേവാലയത്തിൽ ആദ്യകാലത്തിൽ ശുശ്രൂഷിച്ച വൈദീകർ തലപ്പള്ളിയായ കണങ്കോട് പള്ളിയിൽ അന്ന് ആജ്ഞ്ജാനുസരണം നടന്നിരുന്ന കാഞ്ഞിരക്കാട്ട് വന്ദ്യ ഗീവർഗ്ഗീസ് കത്തനാർ, ചിറ്റെഴത്ത് വന്ദ്യ കോരുത് കത്തനാർ, കാഞ്ഞിരക്കാട്ട് വന്ദ്യ മത്തായി കത്തനാർ (ഗീവർഗീസ് കത്തനാരുടെ മകൻ), കൊന്നയിൽ വന്ദ്യ പീലിപ്പോസ് കത്തനാർ എന്നിവരാണ്. പ. തിരുമേനിയുടെ കല്പനയിൽ കാണുന്ന പുത്തൻവീട്ടിൽ സ്കറിയ ശെമ്മാശ്ശ് പിന്നീട് സ്കറിയാ കത്തനാരായി ഇടവകയിൽ സേവനം അനുഷ്ഠിച്ചതായി നമ്മുടെ പൂർവ്വപിതാക്കന്മാർ ഓർക്കുന്നു. ഈ വന്ദ്യ വൈദീകർക്ക് ശേഷം പുത്തൂർ വട്ടയ്കാട്ട് വന്ദ്യ യക്കോബ് കത്തനാരും (അഭി. അലക്സിയോസ് മാർ യൌസേബിയോസ് മെത്രാപ്പോലീത്തായുടെ പിതൃസഹോദരനാണ്) ഇടവകയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1930കളിൽ ഇടവക പൊതുയോഗം കൂടുകയും അന്ന് പ്രായാധിക്യത്തിൽ ആയിരുന്ന കാഞ്ഞിരക്കാട്ട് വന്ദ്യ മത്തായി കത്തനാരെ സഹായിക്കുന്നതിനായി ഇടവകയിൽ നിന്നു പൊയ്കമേലേതിൽ പി. ഐ. മാർക്കോസിനെയും ഏഴംകുളം വല്യത്ത് ഫീലിപ്പോസിനെയും വൈദീകപഠനത്തിനായി അയക്കുവാൻ തീരുമാനിച്ചു. താമസംവിനാ മറ്റൊരു പൊതുയോഗം കടുവിനാൽ കെ. ഓ. തോമസിനെയും ആറ്റുവാശ്ശേരിൽ സി.പി. മാത്യൂസിനെയും വൈദീകപഠനത്തിനായി അയക്കുകയുണ്ടായി. പൗരോഹിത്യപദവിയിലേക്ക് ചേർക്കപ്പെട്ട വന്ദ്യ മർക്കോസ് കത്തനാർ സാഹചര്യവശാൽ ആ കാലത്തെ മലങ്കരകക്ഷി വഴക്കിൽ പെട്ട് അന്നത്തെ പാത്രിയർക്കിസ് പക്ഷത്തു നിലകൊള്ളേണ്ടതായി വന്നു. മാതൃദേവാലയത്തിൽ ശുശ്രൂഷ നടത്തുവാൻ സാധിക്കാതെ വന്ന ഈ സാഹചര്യത്തിൽ ഇടവാകാംഗങ്ങളിൽ ചിലർ അദേഹത്തിന് കർമ്മാദികൾ നടത്തുന്നതിനായി തെക്ക് ഭാഗത്തായി 1939ൽ ചാപ്പൽ പണിതു. 1958 ലെ സഭാ സമാധാനത്തെ തുടർന്ന് മാർക്കോസ് അച്ചനും കൂട്ടരും ഓർത്തോഡോക്സ് സഭയിൽ കൊല്ലം ഭദ്രാസനാധിപന്റെ കീഴിൽ മാർ അപ്രേം ഓർത്തോഡോക്സ് പള്ളി എന്ന പേരിൽ ഇടവകയായി നിലകൊള്ളുകയും ചെയ്തു. ശേഷം അദ്ദേഹം മാതൃ ഇടവകയുടെ ആത്മീയ ഭൌതീക കാര്യങ്ങളിൽ സഹകരിക്കുകയും ചെയ്തു പോന്നു. ഇടവക പട്ടക്കാരായി വല്യത്ത് വന്ദ്യ ഫിലിപ്പൊസ് അച്ചൻ, ആറ്റുവാശ്ശേരിൽ വന്ദ്യ ദിവ്യശ്രീ സി.പി. മാത്യൂസ് കോർ എപ്പിസ്കോപ്പ അച്ചൻ, കടുവിനാൽ കെ. ഓ. തോമസ് അച്ചൻ എന്നിവർ ശുശ്രൂഷിച്ചു. വല്യത്ത് അച്ചനും (പറക്കോട് പള്ളിയിൽ വച്ച്) ആറ്റുവാശേരിൽ അച്ചനും (കണങ്കോട് പള്ളിയിൽ വച്ച് 1940 Sept 14 നു) പ. ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയും കടുവിനാൽ അച്ചന് പാമ്പാടി കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയും (1941 ഏപ്രിൽ 25 നു പള്ളത്ത് പള്ളിയിൽ വച്ച്) ആണ് പട്ടം നല്കുന്നത്. ഈ വന്ദ്യ വൈദീകർ ഇഹലോക വാസം വെടിഞ്ഞു നിത്യതയിൽ വിശ്രമിക്കുന്നു. പ. മദ്ബഹായോട് ചേർന്ന് തെക്ക് വശത്ത് കല്ലറകൾ സ്ഥിതി ചെയ്യുന്നു. ഇടവക പട്ടക്കാർക്ക് ശേഷം പത്ത് വൈദീകർ ദേവാലയത്തിൽ വികാരിമാരായി



പ. പരുമല തിരുമേനി പറക്കോട് പള്ളിയോഗത്തിനു അയച്ച ആദ്യകല്പനകളിൽ ഒന്ന്.
കടപ്പാട്: K. J. John, കാഞ്ഞിരക്കാട്ട്

സേവനമനുഷ്ഠിച്ചിട്ടുണ്ട് നിരണം മട്ടയ്ക്കൽ വന്ദ്യ ഉമ്മൻ അച്ചൻ (കാലം ചെയ്ത അഭി. അലക്സിയോസ് മാർ തെവോദോസ്യോസ് തിരുമേനിയുടെ പിതൃസഹോദരന്റെ കൊച്ചുമകൻ) ഇപ്പോൾ വികാരിയായി സേവനം അനുഷ്ഠിക്കുന്നു. അടൂരിന് കിഴക്ക് അനേകം ദേവാലയങ്ങളുടെ മാതൃദേവലയം കൂടി ആണ് പറക്കോട് വലിയപള്ളി. പറക്കോട് മാർ അപ്രേം, ഏഴംകുളം വടക്ക് സെന്റ്. മേരീസ്, മങ്ങാട് സെന്റ്. മേരീസ്, തൊടുവക്കാട് സെന്റ്. മേരീസ്, പട്ടാഴിമുക്ക് മാർ ഗ്രീഗോറിയോസ്, മാങ്കൂട്ടം സെന്റ്. ജോർജ്ജ് എന്നീ ദേവാലയങ്ങളുടെ മാതൃദേവാലയം ആണ് പറക്കോട് വലിയപള്ളി. പ. പരുമല തിരുമേനിയുടെ നാമത്തിൽ ഇടവകയുടെ മുമ്പിലും, കോട്ടമുകളിലും, ചിരണിക്കലും ആയി മൂന്നു കുരിശടികളും വി. ദൈവമാതാവിന്റെ നാമത്തിൽ പരുത്തിപ്പാറ കുരിശടി എന്നിങ്ങനെ ഇടവകയുടേതായി ദേശത്തിന്റെ നാലുഭാഗങ്ങളിലായി ദൈവനാമ മഹത്വത്തിനു കുരിശടികൾ നിലകൊള്ളുന്നു. ഇടവകയിൽ പ്രാർത്ഥനാസംഘങ്ങൾ, സുവിശേഷസംഘം, മർത്തമറിയം സമാജം, MGOCSM, ശുശ്രൂഷാസംഘം, സണ്ഡേസ്കൂൾ മുതലായ എല്ലാ ആത്മീയ പ്രസ്ഥാനങ്ങളും ഭംഗിയായി നടന്നുവരുന്നു. യുവജനപ്രസ്ഥാനം 1952 ൽ സ്ഥാപിതമായി. മാരാമൺ സ്വദേശിയായ കോശി സാർ ആണ് അതിനു ചുക്കാൻ പിടിച്ചത്. തുടർന്ന് പറക്കോട് പ്രഭാത് ഗ്രൗണ്ട് കേന്ദ്രീകരിച്ച് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച പറക്കോട് കൺവൻഷൻ ഏഴ് പതിറ്റാണ്ട് പിന്നിട്ടിരിക്കുന്നു. 125-ാം ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ കഴിഞ്ഞ ഒന്നേകാൽ നൂറ്റാണ്ട് ഈ ദേവാലയത്തിനായി പ്രവർത്തിച്ച എല്ലാ പൂർവ്വപിതാക്കന്മാരേയും പ്രത്യേകം സ്മരിക്കുന്നു. വരും കാലങ്ങളിൽ ദൈവനാമ മഹത്വത്തിനായി പ്രവർത്തിക്കുവാൻ, അനേകരെ ക്രിസ്തുയേശുവിലേക്ക് ആഘർഷിക്കുവാൻ, ഈ ദേശത്തു എങ്ങും മലമേൽ ശോഭിക്കുന്ന നഗരം കണക്കെ പ്രകാശമായി വിളങ്ങുവാൻ നമ്മൾക്കും നമ്മുടെ വരും തലമുറയ്ക്കും സാധിക്കട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാം അമ്മയുടെയും നമ്മുടെ കാവൽപിതാക്കന്മാരായ മാർ തോമായുടെയും മാർ പത്രോസിന്റെയും മാർ പൌലൊസിന്റെയും മലങ്കരയുടെ പരിശുദ്ധന്മാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദിവന്നാസ്യോസിന്റെയും മദ്ധ്യസ്ഥതയിൽ അഭയംപ്രാപിച്ചു കൊണ്ട് തന്നെ.

References

ശതാബ്ദി സ്മരണിക, പറക്കോട് വലിയപ്പള്ളി, 1996
Church Directory, Parakode Valiyapalli, 2004, 2009, 2014
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത, MOC Publications, 2019

കടപ്പാട്

Fr. ഇയ്യോബ്ബ് OIC ബഥനി, Fr. Dr. മാത്യു വർസീസ്, Fr. ഉമ്മൻ മട്ടയ്ക്കൽ,
ഡോ. എം. കുര്യൻ തോമസ്, ശ്രീ. ഡി. ഗീവർഗീസ് മങ്ങാട്ടുതുണ്ടിൽ,
ശ്രീ. കെ. ജെ. ജോൺ, കാഞ്ഞിരക്കാട്ട്

ഈ ലഘു ചരിത്രം തയ്യാറാക്കുന്നതിൽ ഇടവകയിലെയും സമീപ ഇടവകകളിലെയും മാതാപിതാക്കൾ, സഹോദരങ്ങൾ പലരും സഹായിച്ചിട്ടുണ്ട്. സ്ഥലപരിമിതി മൂലം ഏവരുടെയും പേര് ഉൾപ്പെടുത്താൻ സാധിക്കാത്തതിൽ ഖേദിക്കുന്നു. വിവരങ്ങൾ നൽകി സഹായിച്ച എവരോടുമുള്ള നന്ദി അറിയിക്കുന്നു.

തയ്യാറാക്കിയത്: St. Paul's OCYM നു വേണ്ടി Bibin Baby John, Thattackattu

മുൻ വികാരിമാർ

ചിറ്റെഴത്ത് കോരുത് കത്തനാരുടെ ഫോട്ടോ ലഭ്യമായിട്ടില്ല

Rev. Fr. ഗീവർഗീസ് കാഞ്ഞിരക്കാട്ട് അടൂർ

Rev. Fr. മത്തായി കാഞ്ഞിരക്കാട്ട് അടൂർ

Rev. Fr. പീലിപ്പോസ് കൊന്നയിൽ അടൂർ

Rev. Fr. സ്കറിയാ പുത്തൻവീട്ടിൽ അടൂർ

Rev. Fr. യാക്കോബ് വട്ടയ്ക്കാട് (പുത്തൂർ)

Rev. Fr. കെ.ജെ യോനാ കളരിയ്ക്കാട്ട് (കടമ്പനാട്)

Rev. Fr. വി.ജി. ജോൺ ചുനക്കര

V. Rev. Fr. എ.ഡാനിയേൽ നെടിയകാലായിൽ (കടമ്പനാട്)

Rev. Fr. മാത്യൂസ് തട്ടാരുത്തുണ്ടിൽ (പുത്തൂർ)

V. Rev. Fr. സി. തോമസ് അറപുരയിൽ(അടൂർ)

V. Rev. Fr. പി.ജി. കുര്യൻ പ്ലാംകാലായിൽ (ആനന്ദപള്ളി)

V. Rev. Fr. ജോൺ. സി.വർഗീസ് ഈഴകത്ത് (പട്ടാഴി)

Rev. Fr. ഫിലിപ്പൊസ് തടത്തിൽ (കടമ്പനാട്)

Rev. Fr. ജേക്കബ് കോശി നീലത്താഴികത്ത് (പുത്തൂർ)

Rev. Fr. ജോൺ വർഗീസ് ചരുവിളയിൽ (തുവയൂർ)

ആശംസകളോടെ. . .

മർത്തമറിയം സമാജം, പ്രാർത്ഥനായോഗം

MGOCSM, AMOSS

ബാലസമാജം, സൺഡേ സ്കൂൾ

പാവന സ്മരണയിൽ . . .

കെ ചാക്കോ
കെ വർഗീസ്
കെ ഫിലിപ്പോസ്

ഈട്ടിവിള പുത്തൻവീട്, കുറുങ്ങാട്ട്. വയല

In loving memory of . . .

Rosamma George
w/o P.T George
Thattackatu, G.R.J Villa

"Your Fond Memories Always Inspire Us"
By Sorrowing Family

In loving memory. . .
-Binju Raichel Baby

Three years have gone,
it still seems like yesterday.
You excitedly waiting for
our kisses and hugs.
You saying how much
you loved our chitter - chatter
and how much you missed it
while we were away.

Yet more, we remember
And we miss all those moments.
Now that you are
soaring the heavenly heights
with angels and saints
memories are all that left
for us to cherish you.
And we will hold on to it. Always...!!

Inserted by : Grandchildren

our dearest Ammachi

LILLYKUTTY JOHN
w/o L Johney
Thattackattu

: 82899 57042
: 77369 53506

WILSONS furniture

Nellimoottilpadi, Adoor

fssai
L.No.10016041000889

IS 14543
CM/L6400041090

AQUA Celebrate®
Celebrate the taste of God's own country

PACKAGED DRINKING WATER
9447426522/9400604676

വി. ദേവാലയം: സ്വർഗ്ഗത്തിലേക്കുള്ള വാതിൽ

ഫിലിപ്പോസ് റമ്പാൻ
ജ്യോതിസ്സ് ആശ്രമം, രാജസ്ഥാൻ
(അഹമ്മദാബാദ് ഭദ്രാസനം)

വി. വേദപുസ്തകത്തിൽ പ്രത്യേകിച്ച് പഴയനിയമത്തിൽ ക്രൈസ്തവ ദേവാലയത്തിന്റെ വിവിധ പ്രതീകങ്ങളും സംഭവങ്ങളും കാണുവാൻ കഴിയും.

യാക്കോബിനു ഉണ്ടായ ദർശനം

പൂർവ്വപിതാവായ യാക്കോബ് നാട്ടിനിർത്തി അഭിഷേകം ചെയ്ത ശില (ഉല്പത്തി 28:18) ദേവാലയത്തിന്റെ മുൻകുറിയായിരുന്നു. യാക്കോബ് ഒരു സ്ഥലത്ത് എത്തിയപ്പോൾ സൂര്യൻ അസ്തമിക്കകൊണ്ട് ആ സ്ഥലത്തെ കല്ലുകളിൽ ഒന്നെടുത്ത് തലയണയായി വച്ച് കിടന്നുറങ്ങി. അവൻ ഒരു സ്വപ്നം കണ്ടു. ഇതാ ഭൂമിയിൽ വച്ചിരിക്കുന്ന ഒരു ഗോവേണി. അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരിക്കുന്നു. ദൈവത്തിന്റെ ദൂതന്മാർ അതിൽകൂടി കയറുകയും ഇറങ്ങുകയുമായിരുന്നു. യാക്കോബ് ഉറക്കമുണർന്നു, "യഹോവ ഈ സ്ഥലത്തുണ്ട് സത്യം. ഞാനോ അതറിഞ്ഞില്ല. ഈ സ്ഥലം എത്ര ഭയങ്കരം. ഇതു ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നുമല്ല. ഇതു സ്വർഗ്ഗത്തിന്റെ വാതിൽ തന്നേ" എന്നു പറഞ്ഞു അവൻ ഭയപ്പെട്ടു. ഒരു ദേവാലയത്തിന്റെ സവിശേഷതകൾ ഇവിടെ നമുക്ക് ദർശിക്കാം. ദൈവസാന്നിദ്ധ്യമുള്ള സ്ഥലം, സ്വർഗ്ഗവും ഭൂമിയും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്ന സ്ഥലം, സ്വർഗ്ഗത്തിലേക്കുള്ള വാതിലായ സ്ഥലം.

സീനായ് മല

ദൈവം ഇറങ്ങിവന്ന സീനായ് മലയ്ക്ക് തുല്യമാണ് ദേവാലയത്തിലെ വി. മദ്ബഹാ. ജനം പർവ്വതത്തിലേക്ക് കയറാതിരിക്കുവാനും അതിന്റെ അടിവാരം സ്പർശിക്കാതിരിക്കുവാനുമായി വേലികെട്ടി സൂക്ഷിച്ചതുപോലെ മദ്ബഹായ്ക്കും ജനം നിൽക്കുന്ന പ്രാകാരത്തിനും ഇടയിലുള്ള സ്ഥലം (കെസ്ത്രൂമാ) അഴികളാൽ വേർതിരിച്ചിരിക്കുന്നു. പാളയത്തിനു പുറത്ത് ജനം നിലയുറപ്പിച്ചിരുന്ന മലയുടെ അടിവാരത്തിനു തുല്യമാണ് ദേവാലയത്തിന്റെ ഹൈക്കലാ. യിസ്രായേൽ ജനത്തിനുവേണ്ടി മോശ മലയിൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തിയതുപോലെ പട്ടക്കാരൻ മദ്ബഹായിൽ നിന്നുകൊണ്ട് വിശ്വാസികൾക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുന്നു.

സമാഗമനകൂടാരം

ദേവാലയത്തിന്റെ മറ്റൊരു നിഴലായിരുന്നു സമാഗമനകൂടാരം. ജനത്തിന്റെ മധ്യത്തിൽ വസിക്കണമെന്നുള്ള ആഗ്രഹം മൂലം ദൈവം കാണിച്ചുകൊടുത്ത മാതൃകപ്രകാരം ആണ് കൂടാരവും അതിലെ ഉപകരണങ്ങളും നിർമ്മിച്ചത് (പുറ 25:8-9). സമാഗമനകൂടാരത്തിനു അതിവിശുദ്ധസ്ഥലമെന്നും വിശുദ്ധസ്ഥലമെന്നും പ്രാകാരമെന്നും മൂന്ന് ഭാഗങ്ങളുണ്ടായിരുന്നു. മഹാപുരോഹിതന് മാത്രമേ അതിവിശുദ്ധസ്ഥലത്ത് പ്രവേശനമുള്ളു . വിശുദ്ധസ്ഥലത്ത് പുരോഹിതർക്ക് മാത്രവും അതിവിശുദ്ധസ്ഥലത്ത് നിയമപ്പെട്ടകവും കൃപാസനവും കെരൂബുകളും ഉണ്ടായിരുന്നു. വിശുദ്ധസ്ഥലത്ത് ആകട്ടെ ധൂപപീഠവും, കാഴ്ചയപ്പത്തിന്റെ മേശയും തങ്കവിളക്ക് എന്നിവയും. കൂടാരത്തിനു ചുറ്റും തുറസ്സായി കിടന്നിരുന്ന സ്ഥലമാണ് പ്രാകാരം.

യരുശലേം ദേവാലയം

ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകമായിരുന്നു നിയമപെട്ടകം. ദാവീദ് രാജാവ് ഈ പെട്ടകം ദാവീദിന്റെ നഗരമായ യരുശലേമിലേക്ക് കൊണ്ടുവന്ന് ഒരു കൂടാരത്തിൽ സ്ഥാപിച്ചു. താൻ ദേവദാരു കൊണ്ടുള്ള മനോഹരമായ കൊട്ടാരത്തിൽ വസിക്കുമ്പോൾ ദൈവത്തിന്റെ പെട്ടകം കൂടാരത്തിൽ ഇരിക്കുന്നു. ആയതുകൊണ്ട് യഹോവയ്ക്ക് വസിക്കുവാൻ മനോഹരമായ ഒരു ദേവാലയം പണിയണമെന്ന് ദാവീദ് രാജാവ് ആഗ്രഹിച്ചു. എന്നാൽ അത് പണിയുവാനുള്ള അനുവാദം ദാവീദിന്റെ മകനായ ശലോമോനാണ് നൽകിയത്. ശലോമോൻ യരുശലേമിൽ തന്റെ പിതാവായ ദാവീദിന് ദൈവം പ്രത്യക്ഷപ്പെട്ട മോറിയാ പർവ്വതത്തിൽ, യബൂസ്യനായ ഒർന്നാന്റെ മെതിക്കളത്തിൽ (യബൂസ്യനായ അരവ്നാ എന്ന് ഒർന്നാന്റെ പേര് കാണുന്നു 2 ശമു. 24:16-24) ദാവീദ് ഒരുക്കിയിരുന്ന സ്ഥലത്ത് യഹോവയുടെ ആലയം പണിതു (2 ദിന. 3:1).

ക്രിസ്തീയ വിശ്വാസം അനുസരിച്ച് ദൈവം ആദാമിനെ സംസ്ക്കരിച്ചതും, മൽക്കീസദേക്ക് അപ്പവും വീഞ്ഞും കാഴ്ചയണച്ച് പൗരോഹിത്യം നിർവ്വഹിച്ച ഗാവേ താഴ്വരയും അബ്രഹാം തന്റെ മകൻ യിസഹാക്കിനെ ബലി അർപ്പിച്ച മോറിയാ മലയും ദൈവദൂതൻ പ്രത്യക്ഷപെട്ട് യാഗപീഠം പണിയുവാൻ ആവശ്യപ്പെട്ട മോറിയാ പർവ്വതത്തിലെ യബൂസ്യനായ ഒർന്നാന്റെ മെതിക്കളവും എല്ലാംതന്നെ ഈ സ്ഥലത്തായിരുന്നു. അവിടെയാണ് ശലോമോൻ യരുശലേം ദേവാലയം പണിതത്. യരുശലേം ദേവാലയത്തിനും അതിവിശുദ്ധസ്ഥലം, വിശുദ്ധസ്ഥലം, അകത്തെ പ്രാകാരം, പുറത്തെ പ്രാകാരം എന്നിങ്ങനെ നാലു ഭാഗങ്ങൾ ഉണ്ടായിരുന്നു. അതിവിശുദ്ധസ്ഥലത്ത് നിയമപെട്ടകവും, കൃപാസനവും അതിന്മീതെ കെരൂബുകളുമുണ്ടായിരുന്നു. വിശുദ്ധസ്ഥലത്ത് കവരവിളക്ക്, കാഴ്ചയപ്പത്തിന്റെ മേശ, ധൂപപീഠം എന്നിവ ഉണ്ടായിരുന്നു. അകത്തെ പ്രാകാരത്തിൽ താമ്രയാഗപീഠവും, താമ്രതൊട്ടിയും ഉണ്ടായിരുന്നു. പുറത്തെ പ്രാകാരത്തിൽ എല്ലാവർക്കും പ്രവേശനം ഉണ്ടായിരുന്നു. ശലോമോൻ രാജാവ് നിർമ്മിച്ച ഈ ദേവാലയം എല്ലാ ക്രിസ്തീയ ദേവാലയങ്ങളുടെയും മുൻകുറിയാണ്.

ക്രൈസ്തവ ദേവാലയം

സീനായ് മലയിൽ ദൈവം കാണിച്ചുകൊടുത്ത സ്വർഗ്ഗീയ യെരുശലേമിന്റെ മാതൃകയിലാണ് മോശ സമാഗമനകൂടാരവും അതേ മാതൃക സ്വീകരിച്ചാണ് ശലോമോൻ യരുശലേം ദേവാലയവും പണികഴിപ്പിച്ചത്. സമാഗമന കൂടാരത്തിനും യരുശലേം ദേവാലയത്തിനും അതിവിശുദ്ധസ്ഥലം, വിശുദ്ധസ്ഥലം, അകത്തെ പ്രാകാരം, പുറത്തെ പ്രാകാരം എന്നിങ്ങനെ നാലു ഭാഗങ്ങൾ ഉണ്ടായിരുന്നു. ഇതേ മാതൃകയിൽ ക്രിസ്തീയ ദേവാലയങ്ങൾക്കും മദ്ബഹാ, കെസ്ത്രൂമാ, ഹൈക്കലാ, പൂമുഖം എന്നിങ്ങനെ നാലു ഭാഗങ്ങൾ ഉണ്ട്.

മദ്ബഹാ സ്വർഗ്ഗത്തിന്റെ പ്രതീകമാണ്. ഭൂമിയിലെ സ്വർഗ്ഗമായി കണക്കാക്കപ്പെടുന്നതുകൊണ്ടാണ് മദ്ബഹാ പള്ളിയുടെ കിഴക്ക് ഭാഗത്ത് മറ്റു ഭാഗങ്ങളെക്കാൾ ഉയരത്തിൽ പണിയുന്നത്. സ്വർഗ്ഗീയ ആരാധനയും ഭൗമിക ആരാധനയും ഒത്തുചേരുന്ന സ്ഥലമാണ് മദ്ബഹാ. യരുശലേം ദേവാലയത്തിന്റെ വിശുദ്ധ സ്ഥലത്തിനു സമാനമാണ് കെസ്ത്രൂമാ. സാധാരണ ഹൈക്കലായിൽ നിന്ന് ഒരുപടി ഉയർന്നായിരിക്കും കെസ്ത്രൂമാ. ഹൈക്കലാ എന്ന സുറിയാനി പദത്തിന് ആരാധനാസ്ഥലം എന്നാണ് അർത്ഥം. ആദിമസഭയിൽ സ്നാനം ഏൽക്കുവാൻ ആഗ്രഹിക്കുന്ന വിശ്വാസപഠിതാക്കൾക്കുവേണ്ടി വേർതിരിച്ചിരുന്ന സ്ഥലമാണ് പൂമുഖം.

മനുഷ്യനെയും ദൈവത്തെയും തമ്മിൽ കൂട്ടിയോജിപ്പിക്കുന്ന സ്ഥലമാണ് അവന്റെ ദേവാലയം. പരിശുദ്ധനായ പൗലോസ് ശ്ലീഹാ വി. ദേവാലയത്തെ മനുഷ്യശരീരമായി ഉപമിച്ചിരിക്കുന്നു.'നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ. നിങ്ങളും അങ്ങനെ തന്നെ' (1 കൊരി. 3:16-17). നമ്മുടെ ശരീരമാകുന്ന ദൈവത്തിന്റെ ആലയം മനുഷ്യന്റെ അദ്ധ്വാനമായ നമ്മുടെ ദേവാലയങ്ങളെയും ദൈവത്തിന്റെ സാന്നിദ്ധ്യം ദർശിക്കുന്ന വി. ആലയങ്ങളായി നമുക്ക് സംരക്ഷിക്കാം.

SQUARE ARC

+91 97459 49702
getsquarearc@gmail.com
WWW.FACEBOOK.COM/ SQUAREARC
149/1, Near RDO Ofice, M.G. Road Adoor 691523
CM Plaza P P Road Pandalam 689501

SQUARE ARC
ARCHTECTURAL STUDIO & STRUCTURAL DESIGNERS
An engineering Solution For Your Structure

ഓർത്തഡോക്സി :
ആഴത്തിലെ ആത്മീയ അനുഭൂതി

ഫാ. റിഞ്ചു പി കോശി
വൈദീക സംഘം സെക്രട്ടറി
(അടൂർ - കടമ്പനാട് ഭദ്രാസനം)

ആമുഖം

വിശുദ്ധ വേദപുസ്തകം നൽകുന്ന പദങ്ങളിൽ നിന്നും രൂപഭേദം വരുത്തി പല പേരുകൾ നിലവിൽ വരാറുണ്ട്. എന്നാൽ അതേ പദങ്ങളും ഉപയോഗിക്കുന്ന പശ്ചാത്തലങ്ങളും കാണാം. യേശു ശമര്യ സ്ത്രീയോട് നടത്തുന്ന സംഭാഷണത്തിൽ മലയിലെ ആരാധനയിൽ പ്രാധാന്യം കണ്ട ശമര്യ സ്ത്രീയോട് യേശു നൽകുന്ന വിശദീകരണത്തിലെ വാക്കാണ് സത്യനമസ്കാരികൾ. അല്ലെങ്കിൽ യഥാർത്ഥ നമസ്കാരികൾ (വി.യോഹന്നാൻ 4 : 23). ഇതിന്റെ ഗ്രീക്ക് പദമാണ് ഓർത്തഡോക്സ്. അത്കൊണ്ട് തന്നെ അതിന് നാം കാണുന്ന ചെറിയ അർത്ഥമല്ല ഉള്ളത്.

ഓർത്തഡോക്സി : സവിശേഷതകൾ

ആഴത്തിൽ ഇറങ്ങാൻ മാത്രം സവിശേഷതകൾ മനസിലാക്കി എടുക്കുവാൻ കഴിയുന്ന ഓർത്തഡോക്സിയുടെ ചില വിശദീകരങ്ങൾ പരിമിതികളിൽ നിന്നുകൊണ്ട് തന്നെ നിർവഹിക്കട്ടെ.

1. അടിസ്ഥാനം വെച്ചുമാത്രം നിലനിൽക്കുന്ന വിശ്വാസ പാരമ്പര്യമാണ്

ആദിമ നൂറ്റാണ്ടിൽത്തന്നെ അടിസ്ഥാനം വ്യക്തമാക്കാനും തെറ്റായ ഉപദേശങ്ങളെ അകറ്റുവാനും കഴിഞ്ഞതിനാൽ വ്യക്തമായൊരു അടിത്തറ ഇതിനു ഉണ്ട് എന്ന് പറയുവാനും കഴിയും. ലോകം മുഴുവനിലും അംഗീകരിക്കപ്പെട്ടതും അപ്പോസ്തോലന്മാരാൽ സ്ഥിതീകരിക്കപ്പെട്ടതും പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതുമായ അടിത്തറയാണ് ഇതിനു ഉള്ളത്. നിരന്തരമായ പ്രാർത്ഥനയോടും ധ്യാനത്തിന്റെയും പഠനത്തിന്റെയും പശ്ചാത്തലത്തിൽ അപ്പോസ്തോലന്മാർക്കും, അപ്പോസ്തോലീക പിതാക്കന്മാർക്കും വെളിപ്പെട്ട് കിട്ടിയ വിശ്വാസങ്ങളെ ശക്തമായി കോർത്തിണക്കിയിട്ടിരിക്കുന്ന അടിസ്ഥാനമാണ് ഓർത്തഡോക്സ് വിശ്വാസം.

2. ബന്ധങ്ങളുടെ ഉഷ്മളതയെ ക്രമാതീതമായി നിലനിർത്തുവാനും ഓർത്തോഡോക്സി വഴിതെളിക്കുന്നു

ക്രിസ്തുവിന്റെ കുരിശിലൂടെ വെളിപ്പെടുത്തിക്കിട്ടിയ രണ്ടു ബന്ധങ്ങൾ വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. സൃഷ്ടാവും സൃഷ്ടികളും തമ്മിലുള്ള ബന്ധവും സൃഷ്ടികൾ പരസ്പരമുള്ള ബന്ധവും ആവശ്യമില്ലാത്തതിനെ ഒഴിവാക്കുവാനും ആവശ്യമുള്ളതിനെ ആഴത്തിലാക്കുവാനും ഓർത്തഡോക്സ് വിശ്വാസം ഇപ്പോഴും ശ്രമിക്കുന്നു. സന്തോഷത്തിന്റെ പാരമ്യത്തിൽ ദൈവത്തിന്റെ സ്നേഹം മനസിലാക്കി നിൽക്കുന്ന പല ആരാധനാഗീതങ്ങളുടെയും അർത്ഥത്തിൽ ന്യായവിധിയും സ്വർഗ്ഗവും നരകവും പഠിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്.

സ്വയം അഹങ്കരിക്കാതെ ഭയഭക്തിയോടെ ദൈവസാന്നിധ്യത്തിലും സ്നേഹാദരങ്ങളോടെ സഹോദരങ്ങളോടും ഇടപെടണമെന്നു വ്യക്തമാക്കുകയാണ്. പലപ്പോഴും സമൂഹത്തിലേക്ക് ഇടകലർന്നു വസിക്കുന്ന ഇതര വിശ്വാസസംഗിതകളിൽ നിന്ന് ഈ ത്വത്തങ്ങളെ വേർതിരിച്ചു മനസിലാക്കുവാൻ വിശ്വാസികൾക്ക് വഴിതെളിക്കുന്നവർക്ക് സാധിക്കുന്നില്ല എന്നത് ഒരു പരമമായ സത്യമാണ്.

3. അർഹമായതിനെല്ലാം ഉചിതമായ സ്ഥാനം നല്കിട്ടുള്ള പാരമ്പര്യമാണ് ഓർത്തഡോക്സി

തിരുവചന പഠനവും ധ്യാനവും അനുദിന കർമ്മങ്ങളുടെ ഭാഗമാക്കണം എന്ന് പഠിപ്പിക്കുന്നതിനോടൊപ്പം തന്നെ സഭയുടെ പശ്ചാത്തലത്തിൽ ദൈവാത്മ പ്രേരിതമായ പിതാക്കന്മാരാൽ രചിക്കപ്പെട്ടതാണ് തിരുവചനമെന്നു പഠിപ്പിക്കുവാനും ഓർത്തഡോക്സി മറന്നില്ല. എഴുതപ്പെട്ടത് പരിമിതമായതും മഷിയും തൂവലുമായി എഴുതുവാൻ കഴിയാത്ത നിരവധി ഉണ്ട് എന്ന് ശ്ലീഹന്മാരാൽ തിരുവചനത്തിൽ രചിക്കപ്പെട്ടത് സഭയുടെ പ്രാധാന്യത്തെ വെളിവാക്കുന്നു. എന്നാൽ ഇത് രണ്ടും വിസ്മരിച്ച് വേദപുസ്തകത്തിനോ സഭക്കോ പ്രാധാന്യം നൽകുവാൻ ഓർത്തഡോക്സി പഠിപ്പിക്കുന്നില്ല. സഭയിൽ രക്തസാക്ഷികളും വിശുദ്ധ പിതാക്കന്മാരും ഉണ്ടെന്നും അവരുടെ ചെപ്പുള്ള കാലടികൾ പിന്തുടരണമെന്നും സഭ ആവർത്തിച്ചു ഉറപ്പിക്കുന്നു.

4 . പ്രകടനാത്മകതയിൽ ഉപരിയായി ആഴത്തിൽ വേരൂന്നി വളരുന്നതാണ് ഓർത്തഡോക്സി

ക്രിസ്തുവിന്റെ വചനത്തിലും കാലോചിതമായി ഉണ്ടായ സഭയുടെ പഠിപ്പിക്കലുകളിലും അടിയുറച്ചു നിന്നുകൊണ്ട് പരിശുദ്ധാത്മ നിയന്ത്രണത്തിന് വിധേയരായി ജീവിക്കണം. ദൈവീക നന്മകളെയും നടത്തിപ്പിനെയും സർവ്വതിലും തിരിച്ചറിഞ്ഞു ജീവിക്കണം. പാഷണ്ഡ ഉപദേശങ്ങളെ തിരിച്ചറിഞ്ഞു അകറ്റി നിർത്തണം. കാര്യസാധ്യം ആരാധനയുടെ ഭാവമല്ലെന്നു ചിന്തിക്കുന്നതാണ് ഓർത്തഡോക്സി. ദൈവത്താൽ നിർമ്മിതമായിരിക്കുന്ന വ്യക്തിത്വത്തിന്റെ പരിപാലനത്വം ദൈവം നോക്കുമെന്നു തിരിച്ചറിയുവാൻ ഇടയാകണം. അവിടെ മാത്രമാണ് അന്യവിശ്വാസങ്ങളെ അകറ്റി ഓർത്തഡോക്സിയിൽ നിലനിൽക്കുവാൻ കഴിയുകയുള്ളു.

ഉപസംഹാരം

ഏറിയ ചിന്തകൾ ഇതുമായി ബന്ധപ്പെട്ട് പങ്കുവെക്കുവാനുണ്ട് എങ്കിലും അക്ഷര സന്ദേശങ്ങളുടെ പരിമിതികളെ ഉൾക്കൊള്ളുകയാണ്. പകർന്നു കിട്ടിയിരിക്കുന്ന വിശ്വാസം ചോർന്നുപോകാതെ തലമുറകളിലേക്ക് കൈമാറുവാനുള്ള ബാധ്യത നമുക്കുണ്ടെന്നു ഓർത്തെടുക്കണം. അതിനു നമുക്ക് ഇടയാകട്ടെ.

For Textiles
FEMINA
FABRICS
PARAKODE
473 421 6218
944 717 0558

യുവജനപ്രസ്ഥാന അംഗങ്ങൾ

എഡിറ്റോറിയൽ ബോർഡ്

ഇടവക മാനേജിംഗ് കമ്മിറ്റി

ഇടവക പട്ടക്കാർ

വാങ്ങിപ്പോയ പിതാക്കൻമാർ

വെരി. റവ. C P മാത്യൂസ്
കോർ എപ്പിസ്കോപ്പ

റവ. ഫാ. K.O. തോമസ്
കടുവിനാൽ

റവ. ഫാ.ഫിലിപ്പോസ്
വല്യത്ത്

വെരി. റവ. ഏബ്രഹാം
ഇഞ്ചകലോടിൽ
കോർ എപ്പിസ്കോപ്പ

റവ. ഫാ. ജോസഫ്
ശാമുവൽ
തറയിൽ

റവ. ഫാ. രാജൻ
മാത്യു
നെടിയകാലായിൽ

റവ. ഫാ. റ്റിജു
തോമസ്
നെടിയകാലായിൽ

റവ. ഫാ. സുജിത്
തോമസ്
തോണ്ടലിൽ

എഡിറ്റോറിയൽ

ത്രീയേക ദൈവത്തിന് സ്തുതി,

ദൈവകൃപയാൽ അനുഗ്രഹീതമായ 125 വർഷങ്ങൾ നമ്മുടെ ദേവാലയം പിന്നിടുകയാണ്. നാളിതുവരെ നടത്തിയ ദൈവത്തെ നന്ദിയോടെ ഓർക്കുന്നു. ഇടവകയുടെ 125ാം ജൂബിലിയോടനുബന്ധിച്ച് യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 'യാദാ' എന്ന തലക്കെട്ടോടെ ജൂബിലി സപ്ലിമെന്റ് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷം രേഖപ്പെടുത്തട്ടെ. 'യാദാ' എന്ന ഹീബ്രൂ വാക്കിന്റെ അർത്ഥം 'അനുഭവത്തിലൂടെ അറിയുക' എന്നാണ്. ഒരു മനുഷ്യായുസ്സിൽ നാം അനേകം നന്മയും തിന്മയും ആയ അനുഭവത്തിലൂടെ കടന്നു പോകുന്നു. ഏതൊരവസ്ഥയിലും നമ്മോടൊപ്പം നിൽക്കുന്ന ഉയരത്തിലെ നാഥനെ അനുഭവത്തിലൂടെ അറിയുവാൻ നമുക്ക് സാധിക്കട്ടെ. ഇക്കാലം അത്രയും നടത്തിയ ദൈവത്തിനെ സ്തുതിച്ച് കൊണ്ടും ഇടവകയുടെ കാവൽ പിതാക്കന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചു കൊണ്ടും ഈ സപ്ലിമെന്റ് പ്രവർത്തനങ്ങളിൽ കൂടെ നിന്ന് പ്രവർത്തിച്ച ഇടവക മാനേജിംഗ് കമ്മിറ്റി, യുവജനപ്രസ്ഥാനം, എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ, പരസ്യങ്ങൾ നൽകി സഹായിച്ചവർ എന്നിവരോടുള്ള നന്ദി അറിയിച്ചു കൊള്ളുന്നു.

ലിഥുൻ ബേബി ഡാനിയേൽ
ചീഫ് എഡിറ്റർ

Delivor
Fast. Fresh. Convenient.

ഇനി എല്ലാം നിങ്ങളുടെ വിരൽ തുമ്പിൽ

ഭക്ഷണം, പലചരക്കുകൾ, പച്ചക്കറി, പഴങ്ങൾ, ഇറച്ചി മുതലായവ നിങ്ങളുടെ ഫോൺ ഉപയോഗിച്ച് വീട്ടിലേക്കു ഓർഡർ ചെയ്യാം

FAST DELIVERY
MORE OFFERS
OPEN FROM 7AM TO 9:30 PM

Download the App now
GET IT ON Google Play
Call / Whatsapp : 9061858565